മാധ്യമം
Oct 29, 2016

# ആൻഡമാൻ തീരങ്ങളിൽ കടൽപ്പായൽ കൃഷിക്ക് സി.എം.എഫ്.ആർ.ഐ സഹായം

**കൊച്ചി:** ആൻഡമാൻ തീരങ്ങളിൽ വിപുലമായി കടൽപായൽ കൃഷി ചെയ്യുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) സാങ്കേതിക സഹായം. പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഒഴിവാക്കാൻ പവിഴപ്പുറ്റുകൾ ഇല്ലാത്ത തീരങ്ങളിലാണ് പായൽ കൃഷിക്ക് വേണ്ടി സി.എം.എഫ്.ആർ.ഐ ശാസ്ത്രജ്ഞർ തെരഞ്ഞെടുത്തത്. സാങ്കേതികവിദ്യ കൈമാറുന്നതിന്റെ ഭാഗമായി ആൻഡമാൻ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിശീലനം നൽകി. സി.എം.എഫ്.ആർ.ഐയുടെ മണ്ഡപം പ്രാദേശിക കേന്ദ്രത്തിലെ ശാസ്ത്രജ്ഞരായ ഡോ. എ.കെ. അബ്ദുൽ നാസർ, ഡോ. ബി. ജോൺസൺ എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.

പ്രമേഹത്തിനെതിരെ പോഷക ഔഷധം (ന്യൂട്രാസ്യൂട്ടിക്കൽ) സി.എം.എഫ്.ആർ.ഐ നേരത്തെ വികസിപ്പിച്ചിരുന്നു. സന്ധിവേദനക്കുള്ള ഔഷധവും കടൽപായലിൽനിന്ന് വികസിപ്പിച്ചിട്ടുണ്ട്.